Vol-1,N0:18
18-08-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. ജനാധിപത്യ മാർഗ്ഗത്തിലൂടെ അവകാശം സംരക്ഷിക്കും.
02. സർക്കാരിന് താക്കീത് നൽകികൊണ്ട് സംയുക്തറാലി.
03. ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്; സർക്കാരിനെതിരെ രൂക്ഷവിമർശനം.
04. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റിലും മുഹമ്മദ് കമ്മിറ്റി ഫീസ്.
05. ഒറ്റ വിദ്യാർത്ഥിയുമില്ലാതെ രാജ്യത്ത് 32000 സ്കൂളുകൾ.
06. പനി ബാധിതരിൽ 60 ശതമാനം ചിക്കൻഗുനിയ : ഐ. എം. എ.

## 01. ജനാധിപത്യ മാർഗ്ഗത്തിലൂടെ അവകാശം സംരക്ഷിക്കും. ( കെ. സി. ബി. സി )

കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് സർക്കാരുമായി കത്തോലിക്കാസഭ ചർച്ചയ്ക്ക് സന്നദ്ധമാണെന്ന് കേരള കത്തോലിക്കാസഭയുടെ പരമോന്നത സമിതിയായ കെ.സി.ബി.സി. അറിയിച്ചു. കെ.സി.ബി.സി.യുടെ വിദ്യാഭ്യാസകമ്മീഷനെയാണ് ചർച്ചയ്ക്കായി കെ.സി.ബി.സി. നിയോഗിച്ചിട്ടുള്ളത്. ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിലാണ് ഈ കമ്മീഷന്റെ ചെയർമാൻ. കാതോലിക്കാബാവ ബസേലിയോസ് മാർ ക്ലീമിസ്, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ്പ് റവ. ഡോ. സ്റ്റാൻലി റോമൻ എന്നിവരാണ് കമ്മീഷനംഗങ്ങൾ. ന്യൂനപക്ഷങ്ങളുടെ ഭരണഘടനാധിഷ്ഠിതമായ വിദ്യാഭ്യാസഅവകാശം സർക്കാരിന്റെ നിരന്തരവും ആസൂത്രിതവുമായ കയ്യേറ്റങ്ങൾക്ക് വിധേയമാകുമ്പോൾ എല്ലാ ജനാധിപത്യമാർഗങ്ങളിലൂടെയും അവയെ സംരക്ഷിക്കുവാനുള്ള തീവ്രശ്രമത്തിലാണ് കേരളത്തിലെ ക്രൈസ്തവസമൂഹം. സർക്കാരുമായുള്ള ഫലപ്രദമായ ചർച്ചകൾക്ക് ഇത്തരമൊരു സാഹചര്യത്തിൽ സാംഗത്യമുണ്ടെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിലയിരുത്തി. എന്നാൽ ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കു മാത്രമേ പ്രസക്തിയുള്ളൂവെന്ന് യോഗം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നിരവധി ചർച്ചകൾ നടന്നുവെങ്കിലും ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കുന്ന നിലപാടായിരുന്നു ബന്ധപ്പെട്ടവരുടേത്. സർക്കാരിന്റെ ഈ നിലപാടുമൂലം ക്രിയാത്മകമായ ചർച്ചകൾ ഇതേവരെ നടന്നുവെന്ന് പറയാനാവില്ല. എന്നിട്ടും ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ എന്തെന്ന് അറിയില്ലെന്നു പറയുന്ന രാഷ്ട്രീയനേതൃത്വത്തിന്റെ നിലപാട് ശരിയല്ല.

ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ച് കേരളത്തിലെ ക്രൈസ്തവരുടെ വ്യക്തമായ നിലപാട് വ്യക്തമാക്കുന്ന സംയുക്ത സർക്കുലർ പുറത്തിറക്കാൻ കെ.സി.ബി.സി. തീരുമാനിച്ചു. ആഗസ്റ്റ് മാസത്തിൽ തന്നെ സൗകര്യപ്രദമായ ഞായറാഴ്ചകളിലായി ഓരോ രൂപതകളിലെയും ദേവാലയങ്ങളിൽ ഈ സംയുക്ത സർക്കുലർ വായിക്കാൻ കെ.സി.ബി.സി. നിർദ്ദേശിച്ചു. സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാബാവ ബസേലിയോസ് മാർത്തോമാ ദിദിമോസ് ഒന്നാമൻ, മാർത്തോമാ മെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, മലങ്കര യാക്കോബായസഭയുടെ കാതോലിക്കാബാവ ബസേലിയോസ് മാർ തോമസ് ഒന്നാമൻ, ലത്തീൻ കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ വരാപ്പുഴ ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ്, സി.എസ്. ഐ. മധ്യകേരള മഹാഇടവക ബിഷപ്പ് റൈറ്റ് റവ. ഡോ. തോമസ് സാമുവൽ എന്നിവരാണ് സംയുക്ത ലേഖനത്തിൽ ഒപ്പുവച്ചിട്ടുള്ളത്. ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള ബോധവത്കരണപരിപാടികളും ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്നതിനെതിരെയുള്ള പ്രതിഷേധപരിപാടികളുമായി മുന്നോട്ടുപോകാൻ കെ.സി.ബി.സി. തീരുമാനിച്ചു. ഇതിനായി പ്രാദേശിക ജാഗ്രതാവേദികൾ രൂപീകരിച്ചുകൊണ്ട് ആവശ്യമായ സ്ഥലത്തും സന്ദർഭങ്ങളിലും ഉണ്ടാകുന്ന പ്രതിസന്ധികളിൽ ഇടപെടാൻ വേണ്ട ക്രമീകരണങ്ങൾ നടത്താനും

യോഗം നിർദ്ദേശം നൽകി. എല്ലാ ജനാധിപത്യവിശ്വാസികളുടെയും സഹകരണത്തോടെയായിരിക്കും കർമ്മപദ്ധതികൾ ആവിഷ്കരിക്കുക. ഭരണഘടനാ വിരുദ്ധനയങ്ങളെയും നീക്കങ്ങളെയും നിയമപരമായും രാഷ്ട്രീയമായും സാമൂഹ്യമായും നേരിടാൻ സജ്ജമാക്കുന്നതിന് ഉതകുന്ന നിരവധി പ്രായോഗിക നിർദ്ദേശങ്ങളും യോഗം പരിഗണിക്കുകയുണ്ടായി. ഇപ്പോൾ നടക്കുന്ന അധ്യാപക പരിശീലന പരിപാടികൾ, വിദ്യാർത്ഥികളുടെ പാഠ്യപദ്ധതി പരിഷ്കരിക്കൽ, മറ്റ് പല പ്രവർത്തനപദ്ധതികൾ എന്നിവയെല്ലാം തന്നെ സർക്കാരിന്റെ നിയന്ത്രണം കയ്യാളുന്നവരുടെ വൈരുദ്ധ്യാത്മക ഭൗതികവാദം തന്ത്രപരമായി പ്രചരിപ്പിക്കാനുള്ള മാർഗമായാണ് ഗവൺമെന്റ് ഉപയോഗിക്കുന്നതെന്ന് സമ്മേളനം നിരീക്ഷിക്കുന്നു. സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനായി ചിട്ടപ്പെടുത്തിയ പദ്ധതികൾ എല്ലാ പ്രവർത്തനരേഖകളിലും കാണാൻ കഴിയുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനായി നൽകിയിരിക്കുന്ന മാർഗരേഖയിലും ചട്ടക്കൂടുകളിലുമെല്ലാം അപകടകരമായ ഈ മനോഭാവം നിറഞ്ഞു നിൽക്കുന്നുവെന്നും യോഗം വിലയിരുത്തി. കേരള പഞ്ചായത്തീ രാജ് നിയമങ്ങൾക്ക് കടകവിരുദ്ധമായി എയ്ഡഡ്-അൺഎയ്ഡഡ് സ്കൂൾ നടത്തിപ്പിലും പഞ്ചായത്ത് മുൻസിപ്പൽ സമിതികളെ ഇടപെടുത്താനുള്ള ശ്രമം അംഗീകരിക്കില്ല. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു വിധത്തിലും പ്രയോജനം ലഭിക്കാത്ത നിലപാടുകളാണ് സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് സമ്മേളനം കുറ്റപ്പെടുത്തി. ഒരു പാവപ്പെട്ട വിദ്യാർത്ഥിയെ പോലും സൗജന്യമായി പഠിപ്പിക്കുന്ന സംവിധാനം ഇതേവരെ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ലെന്നു മാത്രമല്ല, സർക്കാർ നല്ല പങ്ക് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറുകളിൽ ഇത്തരം സംവിധാനത്തെക്കുറിച്ച് പരാമർശമൊന്നുമില്ല. എന്നാൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് 25% വരെ സീറ്റുകളിൽ സ്കോളർഷിപ്പോടെ പ്രവേശനം നൽകുകയും ചെയ്യുന്ന നിലപാടാണ് ക്രൈസ്തവ മാനേജ്മെന്റുകൾ സ്വീകരിച്ചിട്ടുള്ളത്.

ന്യൂനപക്ഷാവകാശങ്ങൾക്കെതിരെയുള്ള കയ്യേറ്റത്തിനെതിരെ ഈ സർക്കാർ അധികാരം ഏറ്റതിനുശേഷം അറുപത്തി അഞ്ചോളം കേസുകൾ നടത്തേണ്ടിവന്നു. എല്ലാ കേസുകളിലും സർക്കാർ പരാജയപ്പെട്ടിട്ടും നീതിന്യായവ്യവസ്ഥകളെയും ജനാധിപത്യത്തെയും വെല്ലുവിളിക്കുക മാത്രമല്ല കോടതിയെ അപമാനിക്കുകയും ചെയ്യുന്ന അവസ്ഥവരെ സംജാതമായിക്കഴിഞ്ഞു. ഈ പ്രവണത ജനാധിപത്യത്തെത്തന്നെ അപകടത്തിലാക്കുമെന്ന് സമ്മേളനം മുന്നറിയിപ്പ് നൽകി. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സമുദായ നേതൃത്വങ്ങളുമായി ചർച്ചകൾ നടത്താനും നിലവിലുള്ള ഇത്തരം ജനാധിപത്യവിരുദ്ധനീക്കങ്ങൾ അവരെ ബോധ്യപ്പെടുത്തി സഹകരണം തേടി ഒരുമിച്ച് പ്രവർത്തിക്കാനും തീരുമാനിച്ചു.

02. **സർക്കാരിന് താക്കീത് നൽകികൊണ്ട് സംയുക്തറാലി**. (Deepika 13-08-2007)

ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാനുള്ള സർക്കാരിന്റെ ആസൂത്രിത നീക്കങ്ങൾക്കെതിരേ ശക്ത മായ താക്കീതുമായി പതിനായിരക്കണക്കിന് ക്രൈസ്തവ വിശ്വാസികൾ ഇന്നലെ കോട്ടയത്ത് അണിനിരന്നു. അക്ഷരനഗരിയെ പ്രകമ്പനം കൊള്ളിച്ച മഹാസമ്മേളനത്തിൽ ഭരണഘടനയും കോടതികളും അനുവദിച്ചു നൽകുന്ന അവകാശങ്ങൾ ജീവൻ കൊടുത്തും സംരക്ഷിക്കുമെന്നും വിശ്വാസികൾ പ്രതിജ്ഞയെടുത്തു. ഭാര തീയരെന്ന നിലയിൽ ക്രൈസ്തവർക്ക് ന്യൂനപക്ഷാവകാശം ജന്മവകാശമാണെന്നും ഇത് കവർന്നെടുക്കാൻ ആരേയും അനുവദിക്കില്ലെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത വ്യക്തമാക്കി. ന്യൂനപക്ഷാവകാശങ്ങൾക്കു നേരെ സർക്കാർ നടത്തുന്ന കടന്നുകയറ്റം ഒറ്റ ക്കെട്ടായി നേരിടുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് ജോസഫ് പവ്വത്തിൽ മുന്നറിയിപ്പ് നൽകി.

മലനാട്ടിലെയും മധ്യതിരുവിതാംകൂറിലേയും ക്രൈസ്തവ സമൂഹം എക്യുമെനിസത്തിന്റെ ഐക്യ ബാനറിൽ സഭാപിതാക്കന്മാരുടെ പിന്നിൽ അണിനിരന്നു നടത്തിയ റാലി പ്രതിഷേധത്തിന്റെ കൊടുങ്കാറ്റായി രുന്നു. ബസേലിയോസ് കോളേജ് മൈതാനത്ത് ആവേശം വാരിവിതറിയ മുദ്രാവാക്യങ്ങളുമായി തിങ്ങിനി റന്ന അനേകായിരങ്ങൾക്കുമുന്നിൽ മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, മാർ മാത്യു അറ യ്ക്കൽ, തോമസ് മാർ കൂറിലോസ്, റവ. ഡോ തോമസ് സാമുവേൽ എന്നിവരാണ് അവകാശ സംരക്ഷണ ത്തിന്റെ നായകരായത്. നാടിന്റെ വിദ്യാഭ്യാസ ആതുരശുശ്രൂഷാ രംഗങ്ങളിൽ ന്യൂനപക്ഷമായ ക്രൈസ്ത വർനൽകിയ മഹനീയ സംഭാവനകളെ അവഗണിക്കാനും ആക്ഷേപിക്കാനുമുള്ള സംഘടിത നീക്കങ്ങൾ അനു വദിക്കാനാവില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളെ പാർട്ടിവത്ക്കരിക്കാനും സഭാ നേതൃത്വത്തെ അപമാനിക്കാനുമു ള്ള സംഘടിത നീക്കങ്ങളെ വിശ്വാസികൾ ഒറ്റ വികാരത്തോടെ ചെറുക്കും. ഭീഷണികൊണ്ടോ ബലപ്രയോഗം കൊണ്ടോ ക്രൈസ്തവസഭയെ നിയന്ത്രണത്തിലാക്കാമെന്ന സർക്കാരിന്റെ വ്യാമോഹം നടപ്പില്ല - മാർ മാത്യു മൂലക്കാട്ട് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ കൈകളുയർത്തി വിശ്വാസികൾ ഏറ്റുചൊല്ലി. വിദ്യാഭ്യാസം സഭക ളുടെ പ്രേഷിതദൗത്യമാണ്. ഭാരതത്തിന് അക്ഷര വെളിച്ചം നൽകി ജനകോടികളെ പ്രബുദ്ധമാക്കാൻ ജനസംഖ്യ യുടെ മൂന്നുശതമാനം മാത്രമുള്ള ക്രൈസ്തവർ തലമുറകളായി ചെയ്യുന്ന സേവനത്തെ ആക്ഷേപവാക്കുകളാൽ ഇടിച്ചു താഴ്ത്താനുള്ള ഇടതുനീക്കം ചെറുത്തേ മതിയാകൂ. സമർപ്പിതരായ സഭാസമൂഹങ്ങളെ കൊള്ളക്കാരും

കച്ചവടക്കാരുമാക്കി വിദ്യാഭ്യാസരംഗം കലുഷിതമാക്കാനുള്ള ആസൂത്രിത നീക്കമാണ് നടന്നു വരുന്നത്. ക്ഷമയുടെ അവസാനത്തെ ഘട്ടങ്ങളും കഴിഞ്ഞപ്പോഴാണ് ക്രൈസ്തവർ സമാധാന മാർഗ്ഗത്തിൽ രംഗത്തു വരുന്നതെന്ന് സഭാപിതാക്കന്മാർ ആവർത്തിച്ചു. സ്കൂളിൽ മതസ്വാതന്ത്ര്യം നിഷേധിക്കാനും രാഷ്ട്രീയ ഇടപെടലുകൾക്ക് അവസരം നൽകാനുമുള്ള നീക്കം ന്യൂനപക്ഷങ്ങളുടെ വിശ്വാസസ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റമാണെന്നും സമ്മേളനം പ്രഖ്യാപിച്ചു.

### 03. ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്; സർക്കാരിനെതിരെ രൂക്ഷവിമർശനം.

(Deepika 10-08-2007)

കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കേന്ദ്ര ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ നിരീക്ഷണ സമിതി കേന്ദ്ര സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനം. സർക്കാരും ന്യൂനപക്ഷ മാനേജ്മെന്റുകളും തമ്മിൽ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കാൻ കേരളത്തിലേയ്ക്ക് സംഘത്തെ അയക്കണമെന്ന് കേന്ദ്ര മാനവശേഷി മന്ത്രി അർജുൻ സിംഗിന് ഇന്നലെ രാവിലെ സമർപ്പിച്ച റിപ്പോർട്ടിൽ നിരീക്ഷണ സമിതി ആവശ്യപ്പെട്ടു. നിരീക്ഷണ സമിതിയംഗങ്ങളായ ഡോ. മാണി ജേക്കബ്, കെ. കെ അബൂബക്കർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ഈയിടെ കേരളത്തിലെത്തി നടത്തിയ തെളിവെടുപ്പിനെ തുടർന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്. എന്നാൽ ഇത്തരമൊരു തെളിവെടുപ്പ് നടത്താൻ ആരോടും നിർദ്ദേശിച്ചിട്ടില്ലെന്ന് മാനവശേഷി മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി. ഇപ്പോൾ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ ആശയങ്ങളും പ്രത്യയ ശാസ്ത്രങ്ങളും അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ നയം അവതരിപ്പിക്കാനാണ് വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ ശ്രമമെന്ന് റിപ്പോർട്ടിൽ പറയുന്നു. ന്യൂനപക്ഷ സമുദായത്തിന് വലിയ പ്രാതിനിധ്യമൊന്നുമില്ലാത്ത സർക്കാരാണ് ഇപ്പോൾ കേരളത്തിലേത്.

പാർട്ടി ബുദ്ധിജീവികൾ പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും അഡ്മിഷൻ, ഫീസ് ഘടന, സ്കൂൾ നടത്തിപ്പ്, പ്രിൻസിപ്പൽ-അധ്യാപക നിയമനം തുടങ്ങിയ കാര്യങ്ങൾ വരെ നിയന്ത്രിക്കാനുമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത് എളുപ്പമല്ലെന്നും ഏറെ സമയം ആവശ്യമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ക്രിസ്ത്യൻ പുരോഹിതരെ അപമാനിക്കുന്ന രീതിയിലുള്ള നടപടികളും മോശം പരാമർശങ്ങളും എത്രയും വേഗം അവസാനിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഏറ്റുമുട്ടലിനു പകരം സർക്കാരും മാനേജ്മെന്റുകളും സഹകരിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയാണ് വേണ്ടത്. കോളേജുകളും സ്കൂളുകളും നടത്താനുള്ള സ്വാശ്രയ മേഖലയുടെ അവകാശം സർക്കാർ ബഹുമാനിക്കുകയും സംരക്ഷിക്കുകയും വേണം. നിയമനത്തിന് മാനേജ്മെന്റുകൾക്ക് അവകാശമുണ്ട്. ക്യാപിറ്റേഷൻ ഫീസ്, അധ്യാപക നിയമനത്തിന് കോഴ തുടങ്ങിയ കാര്യങ്ങൾ കർശനമായി ഒഴിവാക്കണം. ക്രിസ്ത്യൻ സഭകൾ നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങളിൽ സർക്കാർ ഇടപെടുന്നത് മൂലമുണ്ടാകുന്ന ആശങ്കകൾ ദുരീകരിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകണം. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തിനോ ജില്ലാ കൗൺസിലിനോ കൈമാറാൻ പാടില്ല. സഭയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കൽ, അംഗീകാരം പിൻവലിക്കൽ തുടങ്ങിയ പീഡനമുറകൾ പാടില്ല. മുമ്പുണ്ടായ ഇത്തരം നടപടികൾ പിൻവലിച്ച് പൂർവ്വസ്ഥിതിയിലാക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ന്യൂനപക്ഷാവകാശം ഹനിക്കുന്ന വിധത്തിൽ സ്കൂൾ നടത്തിപ്പിൽ വരെ പ്രാദേശിക രാഷ്ട്രീയ പാർട്ടികളിൽ നിന്നുണ്ടാകുന്ന ഇടപെടലുകൾ ന്യൂനപക്ഷത്തിന് നിരാശയും അമർഷവുമുണ്ടാക്കിയിട്ടുണ്ട്. ഭരണഘടന അനുവദിക്കുന്ന ന്യൂനപക്ഷാവകാശം നൽകണമെന്ന കോടതി ഉത്തരവുകൾ പോലും സർക്കാർ പരിഗണിക്കുന്നില്ല. അവകാശങ്ങൾ സംരക്ഷിക്കാനായി ജനങ്ങളെ സംഘടിപ്പിക്കാൻ ബിഷപ്പുമാർ ഇടയലേഖനം ഇറക്കിയിട്ടുണ്ട്. ഇത് വർഗ്ഗീയാടിസ്ഥാനത്തിൽ ചേരിതിരിവിന് കാരണമായേക്കാമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. കേരളത്തിലേത് കേവലം ഫീസ്, അഡ്മിഷൻ എന്നിവയുമായി മാത്രം ബന്ധപ്പെട്ടതല്ലെന്നും മറിച്ച് രണ്ട് പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണെന്നും കമ്മീഷൻ വിലയിരുത്തുന്നു.

### 04. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റിലും മുഹമ്മദ് കമ്മിറ്റി ഫീസ്.

(Mangalam 10-08-2007)

സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റിലും ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ച ഫീസ് ഈടാക്കും. രണ്ടുഘട്ടമായി ഫീസ് അലോട്ടുമെന്റ് നടക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി എം. എ ബേബി പത്രസമ്മേളനത്തിൽ പറഞ്ഞു. സെപ്റ്റംബർ 13-ന് എല്ലാ കോഴ്സുകളിലേക്കുമുള്ള ക്ലാസുകൾ തുടങ്ങും. ഓഗസ്റ്റ് 16 -ന് രാവിലെ 10-മണിക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കും. 30 ന് രാവിലെ ഒൻപത്മണിക്ക് അവസാനിക്കും. ഓഗസ്റ്റ് 19 വൈകുന്നേരം അഞ്ചുവരെ രേഖപ്പെടുത്തിയ ഓപ്ഷനുകൾ അടിസ്ഥാനമാക്കി 21 ന് ആദ്യ ട്രയൽഅലോട്ട്മെന്റ് നടത്തും. 23 വരെയുള്ള ഓപ്ഷനുകൾ അടിസ്ഥാനമാക്കി 25ന് രാവിലെ 11ന് രണ്ടാം ട്രയൽ അലോട്ട്മെന്റ് നടത്തും. സെപ്റ്റംബർ ഒന്നിന് വൈകുന്നേരം അഞ്ച് മണിക്ക് ഒന്നാംഘട്ട സീറ്റ് അലോട്ട്മന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

ഇതനുസരിച്ച് സെപ്റ്റംബർ നാലു മുതൽ ആറുവരെ ഫീസടയ്ക്കാം. സെപ്റ്റംബർ പത്തു മുതൽ 12–ാം തീയതി വരെ ഒന്നാംഘട്ട പ്രവേശനം നടക്കും. രണ്ടാംഘട്ടത്തിൽ അടുത്ത മാസം ഏഴുമുതൽ പതിമൂന്നു വരെ ഓപ്ഷൻ പുന:ക്രമീകരിക്കാം. 18നു രണ്ടാംഘട്ട സീറ്റു അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഇതനുസരിച്ച് 19, 20 തീയതികളിൽ ഫീസടയ്ക്കാം. 24, 25 തീയതികളിൽ പ്രവേശനം നടക്കും. 26ന് പ്രവേശന പ്രക്രിയ പൂർത്തിയാകും. കരാറുണ്ടാക്കുന്നതിനു മുമ്പ് ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റി താൽക്കാലികമായി നിശ്ചയിച്ച ഫീസ് അനുസരിച്ചാണ് പ്രവേശനം നടക്കുകയെന്ന് മന്ത്രി പറഞ്ഞു. ഇതനുസരിച്ച് സർക്കാരുമായി കരാർ ഒപ്പിട്ട സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ എൻ. ആർ . ഐ ക്വാട്ട ഒഴികെയുള്ള എല്ലാ സീറ്റുകളിലും പ്രവേശന സമയത്ത് 38,700 രൂപ ഫീസടയ്ക്കണം. കോടതി വിധികളുടെ അടിസ്ഥാനത്തിലോ ജസ്റ്റിസ്. മുഹമ്മദ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമോ ആയിരിക്കും അന്തിമ ഫീസ്. മാനേജ്മെന്റുകളുമായുണ്ടാക്കിയ കരാർ കോടതി അംഗീകരിക്കുകയാണെങ്കിൽ കരാർ പൂർണ്ണമായും നടപ്പിലാക്കാനുള്ള ക്രമീകരണങ്ങളും സർക്കാർ ചെയ്തിട്ടുണ്ട്. ഫീസിൽ വരുന്ന മാറ്റങ്ങൾ അനുസരിക്കാമെന്ന് വിദ്യാർത്ഥികളിൽ നിന്നും സമ്മത പത്രം വാങ്ങും.

### 05. ഒറ്റ വിദ്യാർത്ഥിയുമില്ലാതെ രാജ്യത്ത് 32000 സ്കൂളുകൾ. (Deepika 06-08-2007)

വിദ്യാഭ്യാസ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമായിരിക്കെ, രാജ്യത്തെ 32000 സ്കൂളിൽ പഠിക്കാൻ ഒറ്റ വിദ്യാർത്ഥി പോലുമില്ലെന്നതാണ്. ഇതിൽ 48 ശതമാനവും പ്രൈമറി സ്കൂളുകളാണെന്ന് ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആൻഡ് അഡ്മിനിസ്ട്രേഷൻ നടത്തിയ സർവേയിൽ പറയുന്നു. മുപ്പത്തിയഞ്ചു സംസ്ഥാനങ്ങളിലെ കേന്ദ്രഭരണ പ്രദേശങ്ങളിലുൾപ്പെടെ 11,24,033 സ്കൂളുകളിലാണ് സർവേ നടത്തിയത്. ഇതിൽ 2.92 ശതമാനം സ്കൂളുകളിൽ പഠനത്തിനായി ഒറ്റ വിദ്യാർത്ഥി പോലും എത്തിയില്ലായെന്നാണ് കണ്ടെത്തിയിരിക്കുന്നത്. കർണാടകയാണ് ഇതിൽ മുന്നിൽ. ഇവിടെ 7945 സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ പൂജ്യമാണ്. സർവേയിൽ ഉൾപ്പെടുത്തിയ 6.17 ശതമാനം അതായത് 69,353 സ്കൂളുകളിൽ 25 കുറവ് വിദ്യാർത്ഥികൾ മാത്രമേ പഠിക്കുന്നുള്ളുവെന്നും കണ്ടെത്തിയിട്ടുണ്ട്. 26നും 50നും ഇടയിൽ വിദ്യാർത്ഥികളുള്ള സ്കൂളുകളുടെ എണ്ണം 1,70,888. ബീഹാർ, ഡൽഹി, കേരളം, ഉത്തർ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ ശരാശരി 150 കുട്ടികളുണ്ടെന്നും സർവേ റിപ്പോർട്ട് പറയുന്നു.

### 06. പനി ബാധിതരിൽ 60 ശതമാനം ചിക്കുൻഗുനിയ : ഐ. എം. എ. (Deepika 10-08-2007)

കേരളത്തിലെ കൂട്ടപ്പനി ബാധിതരിൽ 60 ശതമാനവും ചിക്കുൻഗുനിയ തന്നെയാണെന്നും ചികിൽസയുടെ പരിമിതികൊണ്ടാണ് മരണസംഖ്യ കൂടിയതെന്നുമാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പഠനം. മരണമടഞ്ഞവരുടെ ഹൃദയം, തലച്ചോറ്, ശ്വാസകോശം എന്നിവ പൂർണ്ണമായി തകരാറിലായിരുന്നു. അടുത്ത വർഷവും കേരളം മാരകമായ പനിയുടെ പിടിയിലമരുമെന്ന് ഐ. എം. എയുടെ മുന്നറിയിപ്പ്. ഡോ. എ. മാർത്താണ്ഡപിള്ള, ഡോ. കാശി വിശ്വേശ്വരൻ, ഡോ. മുഹമ്മദ് ഷാഫി, ഡോ. ശ്രീജിത് എൻ. കുമാർ എന്നിവരുടെ നേതൃത്വത്തിൽ കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 300 ഡോക്ടർമാർ നടത്തിയ സർവേയിലും വിലയിരുത്തലിലുമാണ് പനിചികിൽസയിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടിയത്. വിവിധ മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടർമാർ ദിവസം 300 രോഗികളെ വരെ പരിശോധിച്ചു. ഗുരുതരാവസ്ഥയിലെത്തിയവർ രണ്ടാം തവണയും പരിശോധനയ്ക്കെത്തിയപ്പോൾ അതേ ക്യാമ്പിലെ മറ്റൊരു ഡോക്ടറെയാവും സമീപിച്ചിട്ടുണ്ടാവുക. ഇത്തരത്തിൽ രോഗനിർണയത്തിലും പരിശോധനയിലും തുടർ ചികിൽസയിലും വീഴ്ചയുണ്ടായി. പനിക്കു ശേഷം നിരവധി ശാരീരിക പ്രശ്നങ്ങളുണ്ടായിരിക്കുന്നവർക്ക് കാര്യമായ ചികിൽസ ലഭിക്കുന്നില്ല. ശരീര വേദനയും നീരും മാസങ്ങളോളം നീണ്ടു നിൽക്കും. ചിക്കുൻ ഗുനിയയെക്കുറിച്ചും വ്യാപകമായിരിക്കുന്ന ശാരീരിക പ്രത്യാഘാതങ്ങളെക്കുറിച്ചും അടിയന്തിര പഠനം വേണമെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പകർച്ചവ്യാധി വിഭാഗത്തിലെ ഡോ. രാമൻകുട്ടി രണ്ടുമാസം മുമ്പ് സംസ്ഥാന ആരോഗ്യ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. വേണ്ടത്ര ഫണ്ട് ഉണ്ടായിട്ടും ഈ നിർദ്ദേശം സർക്കാർ പരിഗണിച്ചില്ല. സംസ്ഥാനത്ത് പനി ബാധിച്ച് മരിച്ച തിരുവനന്തപുരം സ്വദേശിയുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്തിരുന്നു. തലച്ചോറും ഹൃദയവും ശ്വാസകോശവും പ്രവർത്തനരഹിതമാകും വിധം ചിക്കുൻഗുനിയ തീവ്രമായിരിക്കുന്നു. ഹൃദ്രോഗമുള്ളവരാണ് പകർച്ചബാധയിൽ മരിച്ചവരിലേറെയും. തന്നെയുമല്ല മുൻവർഷങ്ങളേക്കാൾ കഴിഞ്ഞ നാലു മാസങ്ങളിൽ കേരളത്തിലെ മരണനിരക്ക് ഏറെ കൂടുതലാണ്. വയോധികരിൽ സ്വഭാവിക മരണം സംഭവിച്ച ഏറെപ്പേർക്കും പനി ഉണ്ടായിരുന്നെന്ന് നിരീക്ഷണത്തിൽ വ്യക്തമായി.